# നോമ്പുക്കാലം

## വചന വിചിന്തനം

### നോമ്പുക്കാലം : ആറാം ഞായർ

### യോഹ 10,11-18

"ഞാൻ നല്ല ഇടയനാണ്.
നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു."
(യോഹ 10,11)

*"ഇടയനിൽ നിന്ന് നല്ല ഇടയനിലേയ്ക്കുള്ള ദൂരം കണ്ടെത്തിയവൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. അവൻ അപരനുവേണ്ടി ത്യജിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നു! എങ്കിൽ, കണ്ടെത്തേണ്ടത്, അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും അമ്മയിൽനിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽനിന്ന് നല്ല മക്കളിലേയ്ക്കും, അയൽക്കാരിൽനിന്ന് നല്ല അയൽക്കാരിലേയ്ക്കുള്ള ദൂരമാണ്."*

"ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും..." നല്ല ഇടയന്റെ വലിയ പ്രത്യേകയും ഇതുതന്നെയാണ്; ആടുകളെ അന്വേഷിച്ചിറങ്ങുന്ന ഇടയൻ!

"ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11) എന്ന വചനഭാഗത്തിലൂടെ ക്രിസ്തുവിന്റെ ഇടയസ്വഭാവത്തെയാണ് വചനഭാഗം വ്യാഖ്യാനിക്കുന്നത്. ആ ഇടയസ്വഭാവത്തിന്റെ വലിയ പ്രത്യേകത നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു എന്നതാണ്. അപരനുവേണ്ടി ജീവൻ ത്യജിക്കുന്നതിൽപ്പോലും അവൻ (ക്രിസ്തു) വലിയ സന്തോഷം കണ്ടെത്തുന്നു! എങ്കിൽ, ഈ വചനഭാഗത്തെ മുന്നിൽ വച്ചുക്കൊണ്ട് നാം ആത്മപരിശോധന നടത്തേണ്ടത് ഇത്രമാത്രമാണ്, "അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും, അമ്മയിൽനിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽനിന്ന് നല്ല മക്കളിലേയ്ക്കും, അയൽക്കാരിൽനിന്ന് നല്ല അയൽക്കാരിലേയ്ക്കുള്ള ദൂരം എത്രയാണ്?"

നല്ല ഇടയൻമാരായി നല്ല ഫലം സമ്മാനിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം അതിനനുസരിച്ച് ഫലം സമ്മാനിക്കാൻ സാധിച്ചില്ലെങ്കിൽ, ഓർക്കുക, വൃക്ഷങ്ങളുടെ വേരിന് കോടാലി വച്ചു കഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും. നല്ല ഇടയൻമാരാകാൻ വിളക്കപ്പെട്ടവർ അതിനനുസരിച്ച് ഫലം സമ്മാനിക്കാൻ സാധിക്കാതെ വന്നപ്പോൾ അവർക്ക് ശിക്ഷ വിധിക്കുന്ന കർത്താവിനെ ജെറമിയ പ്രവാചകൻ പരിചയപ്പെടുത്തുന്നുണ്ട്;

"എന്റെ മേച്ചിൽസ്ഥലത്തെ ആടുകളെ നശിപ്പിക്കുകയും ചിതറിക്കുകയും ചെയ്യുന്ന ഇടയൻമാർക്കു ശാപം - കർത്താവ് അരുളിച്ചെയ്യുന്നു. ഇസ്രായേലിന്റെ ദൈവമായ കർത്താവ് തന്റെ ജനത്തെ സംരക്ഷിക്കേണ്ട ഇടയൻമാരെക്കുറിച്ച് അരുളിച്ചെയ്യുന്നു: നിങ്ങൾ എന്റെ ആട്ടിൻപറ്റത്തെ ചിതറിച്ചോടിച്ചു. നിങ്ങൾ അവയെ പരിപാലിച്ചില്ല. നിങ്ങളുടെ ദുഷ്കൃത്യങ്ങൾക്കു ഞാൻ പകരം വിട്ടും. അവയെ ആട്ടിപ്പായിച്ച എല്ലാ ദേശങ്ങളിൽനിന്നും എന്റെ ആട്ടിൻപറ്റത്തിൽ അവശേഷിച്ചവയെ ഞാൻ ശേഖരിക്കും. ആലയിലേക്കു ഞാൻ അവയെ കൊണ്ടുവരും; അവ വർധിച്ചു പെരുകുകയും ചെയ്യും. അവയെ മേയ്ക്കുന്നതിന് ഇടയൻമാരെ ഞാൻ

നിയോഗിക്കും. ഇനിമേൽ അവ ഭയപ്പെടുകയോ വേവലാതിപ്പെടുകയോ ഇല്ല; ഒന്നും കാണാതെ പോവുകയുമില്ല - കർത്താവ് അരുളിച്ചെയ്യുന്നു" (ജെറ 23,1-4).

എത്ര ഭയാജനകമായ ശിക്ഷയാണ് കള്ളൻമാരും കവർച്ചക്കാരുമായ ഇടയൻമാർക്ക് കർത്താവ് സമ്മാനിക്കുന്നത്. നിതാന്ത ജാഗ്രതയോടും ഭയമില്ലാത്ത ധൈര്യത്തോടും ഭൂമിയോളം താഴുന്ന ക്ഷമയോടും സ്നേഹത്തോടും കൂടെ ആടുകളെ പരിചരിക്കേണ്ട ഇടയൻമാർ കള്ളൻമാരും കവർച്ചക്കാരുമാകുമ്പോൾ അവരെ തച്ചുടയ്ക്കുന്ന വിധിവാചകമാണ് എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലൂടെ കർത്താവ് അരുൾ ചെയ്യുന്നത്;

"തങ്ങളെത്തന്നെ പോറ്റുന്ന ഇസ്രായേലിൻെറ ഇടയൻമാരേ, നിങ്ങൾക്കു ദുരിതം! ഇടയൻമാർ ആടുകളെയല്ലേ പോറ്റേണ്ടത്? നിങ്ങൾ മേദസ്സു ഭക്ഷിക്കുകയും രോമംകൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിന് നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റിയതിനെ തിരികെകൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോടു പെരുമാറി. ഇടയനില്ലാഞ്ഞതിനാൽ അവ ചിതറിപ്പോയി; കാട്ടിലെ മൃഗങ്ങൾക്ക് അവ ഇരയായിത്തീർന്നു... ആകയാൽ ഇടയൻമാരേ, ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ ഇടയൻമാർക്കെതിരാണ്. എൻെറ ആടുകൾക്കു ഞാൻ അവരോടു കണക്കുചോദിക്കും; അവരുടെ മേയ്ക്കലിനു ഞാൻ അറുതിവരുത്തും" (എസെ 34, 1-9).

"തങ്ങളെത്തന്നെ പോറ്റുന്ന ഇസ്രായേലിൻെറ ഇടയൻമാരേ, നിങ്ങൾക്കു ദുരിതം!" (എസെ 34,1).
നല്ല ഇടയൻമാർ സ്വയം പോറ്റുന്നവരല്ല. മറിച്ച്, മറ്റുള്ളവരെ പോറ്റുന്നവരാണ്!

ക്രിസ്തു "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു" (യോഹ 10,11) എന്ന വചനഭാഗം തന്റെ ജീവിതത്തെ മുന്നിൽ വച്ച് വ്യാഖ്യാനിക്കുമ്പോൾ, ക്രിസ്തു ഇടയനിൽ നിന്ന് നല്ല ഇടയിനിലേയക്ക് ഉയർത്തപ്പെടത്തുപ്പോലെ അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും, അമ്മയിൽനിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽനിന്ന് നല്ല മക്കളിലേയ്ക്കും, അയൽക്കാരിൽനിന്ന് നല്ല അയൽക്കാരിലേയ്ക്കും ഉയർത്തപ്പെടാൻ, വളരാൻ ഞാൻ എന്തു ചെയ്യണം എന്ന് ധ്യാനിക്കാൻ നമ്മുക്ക് സാധിക്കണം.

ഒരാൾ തന്റെ സ്നേഹിതനെ വിളിച്ച് അത്യാവശ്യമായി 8,000 രൂപ കടമായി ആവശ്യപ്പെട്ടു. സ്നേഹിതൻ ഏറെ ഞെരുക്കത്തിലാണെങ്കിലും അര മണിക്കൂറിനുള്ളിൽ ഞാൻ പണവുമായി നിന്റെ അടുക്കൽ എത്തും എന്നു പറഞ്ഞു.

മണിക്കൂർ അരയും ഒന്നും കഴിഞ്ഞു, സ്നേഹിതനെ കാണുന്നില്ല. വിളിക്കുമ്പോഴൊക്കെ മൊബൈൽ ഓഫാണെന്ന മറുപടിയുമാണ് ലഭിക്കുന്നത്. അയാൾ നിരാശയാൽ ആകെ തകർന്നു പോയി... സ്നേഹിതൻ മുങ്ങിയതാണന്നയാൾ ഊഹിച്ചു... 2 മണിക്കൂറിന് ശേഷം വിളിച്ചു ഫോൺ അപ്പോഴും ഓഫിൽ തന്നെ. അവസാനം, അയാൾ സ്നേഹിതന് ഒരു എസ്.എം.എസ് അയച്ചു;

"എന്താവശ്യമുണ്ടെങ്കിലും നിനക്ക് എന്നെ വിളിക്കാം, ഞാൻ ഇനി ഒരു സഹായത്തിനും നിന്നെ ബുദ്ധിമുട്ടിക്കാൻ വിളിക്കില്ല... ഇത്രയും നാൾ ഞാൻ ബുദ്ധിമുട്ടായി പെരുമാറിയിട്ടുണ്ടെങ്കിൽ ക്ഷമിക്കുക..."

കർത്താവാണ്
എൻെറ ഇടയൻ;
എനിക്കൊന്നിനും
കുറവുണ്ടാവുകയില്ല.
കാരണം,
പച്ചയായ
പുൽത്തകിടിയിൽ
അവിടുന്നെനിക്കു
വിശ്രമമരുളുന്നു;
പ്രശാന്തമായ
ജലാശയത്തിലേക്ക്
അവിടുന്നെന്നെ
നയിക്കുന്നു.

പക്ഷെ, ഏകദ്ദേശം കാൽ മണിക്കൂറിന് ശേഷം സ്നേഹിതന്റെ വിളി വന്നു... ഇതാ വന്നുകൊണ്ടിരിക്കുകയാണ്, ഞാൻ എവിടെയാണെത്തേണ്ടത്? എന്നു ചോദിച്ച്. ഈ സംസാരത്തിനിടയിലായിരുന്നു അയാൾക്ക് സുഹൃത്തയച്ച എസ്.എം.എസ് കിട്ടിയത്...

സ്നേഹിതൻ അയ്യാളോട് പറഞ്ഞു;

"ഒരു സെക്കൻറ് ഒരു എസ്.എം.എസ് വന്നിരിക്കുന്നു. ഒന്ന് നോക്കിക്കോട്ടേ..."

എസ്.എം.എസ് വായിച്ച ശേഷം അയാൾ പറഞ്ഞു;

"മുങ്ങാൻ വേണ്ടിയല്ല സുഹൃത്തേ ഞാൻ ഫോൺ ഓഫാക്കിയത്. വേറെ വഴിയൊന്നും കാണാത്തതിനാൽ, നിനക്ക് പണമൊപ്പിക്കുന്നതിനു വേണ്ടി ഫോൺവിൽക്കുകയായിരുന്നു. നിനക്ക് വേണ്ടി 8000 രൂപ മാറ്റിവച്ച് ബാക്കിയുള്ള 1000 രൂപയ്ക്ക് ഒരു ചെറിയ ഫോൺ വാങ്ങി സിം അതിലിട്ടു. അതിലൂടെയാണ് ഞാൻ ഇപ്പോ നിന്നെ വിളിയ്ക്കുന്നത്....."

ചില മനസ്സുകൾ നമ്മുടെ ഊഹങ്ങളുടെയും അപ്പുറത്താണ്, അതിനാൽ, ചെറിയ സ്കെയിലുകൾ വച്ച് വലിയ ബന്ധങ്ങളെയും, മനസ്സുകളെയും അളക്കരുത്. ഇത്തരക്കാർക്കുള്ള ചുരുക്കത്തിലുള്ള പേരാണ്, "നല്ല ഇടയൻമാർ."

ക്രിസ്തു പറയുന്നു; "ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു. ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്." നല്ല ഇടയന്റെ ഏറ്റവും വലിയ പ്രത്യേകതയും ഇത് തന്നെയാണ്. നിനക്ക് ജീവൻ ഉണ്ടാകാൻ, അത് സമൃദ്ധമായുണ്ടാകാൻ ഞാൻ എന്റെ ജീവിതത്തെ ബലിയർപ്പിക്കാം.... ചുരുക്കത്തിൽ, ക്രിസ്തു പറഞ്ഞ് വയ്ക്കുകയാണ്;

"ഞാൻ കള്ളനോ കവർച്ചക്കാരനോ അല്ല. മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമായി കള്ളൻമാർ വരുമ്പോൾ ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്. അതിനുവേണ്ടി എന്റെ ജീവൻ ബലിയർപ്പിക്കാനും ഞാൻ തയ്യാറാണ്."

ഈ ഇടയസങ്കൽപ്പത്തിലേയ്ക്കുള്ള വളർച്ചയാണ് ക്രിസ്തു നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. അപ്പനിൽ നിന്ന് നല്ല അപ്പനിലേയ്ക്കും, അമ്മയിൽനിന്ന് നല്ല അമ്മയിലേയ്ക്കും, മക്കളിൽനിന്ന് നല്ല മക്കളിലേയ്ക്കും, അയൽക്കാരിൽനിന്ന് നല്ല അയൽക്കാരിലേയ്ക്കുമുള്ള വളർച്ച!

"ഞാൻ തന്നെ എൻെറ ആടുകളെ മേയ് .
ഞാൻ അവയ്ക്കു വിശ്രമസ്ഥലം നൽകും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും.
വഴി തെറ്റിപ്പോയതിനെ ഞാൻ തിരിയെക്കൊണ്ടുവരും;
മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും. ബല ഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും;
കൊഴുത്തതിനെയും ശക് ും.
നീതിപൂർവം ഞാൻ അവയെ പോറ്റും."

എസെക്കി 34,15

ഫാ. ജോബി മേനോത്ത്
+91 944 7777 931